നടത്തിയതിന്റെ ഫലമായി പൂമംഗലം പകുതിയിൽ സർവ്വെ നമ്പർ 154/1-ൽ നിന്നും 2 ഏക്കർ വസ്തു പൊന്നുംവിലയ്ക്കെടുക്കുന്നതിനു് നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

കരുവന്നൂരിൽനിന്നും അപേക്ഷകർ ആവശ്യപ്പെട്ട സ്ഥലങ്ങൾ കൂടി പാർപ്പുപദ്ധതിക്കു് യോജിച്ചതല്ലെന്നു കാണുകയാൽ ഇടയ്ക്കുള്ള അന്വേഷണങ്ങൾ നിറുത്തിവച്ചു.

കാർഷിക കോളേജ്.

454. [31] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിനു് എന്തു ചെലവുവരും ; സ്ഥലത്തിനെത്ര ; കെട്ടിടത്തിനെത്ര ;

(ബി) കോളേജിന്റെ മറ്റു ചെലവുകൾക്കു് എന്തു ചെലവു പ്രതീക്ഷിക്കുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിനുവേണ്ടി എടുത്തിട്ടുള്ള സ്ഥലത്തിന്റെയും, കെട്ടിടത്തിന്റെയും വിലനിർണ്ണയം പൂർത്തിയായിട്ടില്ല ;

(ബി) ഇനം തിരിച്ചുള്ള ചെലവു കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല. എങ്കിലും സ്ഥലം, കെട്ടിടം ഇവയ്ക്കു വേണ്ടിവരുന്ന തുകയുൾപ്പെടെ ഈയാണ്ടിൽ ഇരുപതു ലക്ഷം രൂപ മൊത്തം ചെലവു വരുമെന്നു് പ്രതീക്ഷിക്കുന്നു. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ മുപ്പതുലക്ഷം രൂപ കൊള്ളിക്കുന്നതിനു് ശുപാർശ ചെയ്തിട്ടുണ്ടു്.

ആശുപത്രികളിലെ അഴിമതികൾ.

455. [32] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇന്നു് ആശുപത്രികളിൽ കാണുന്ന അഴിമതികൾ പരിഹരിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ആശുപത്രികളിൽ അഴിമതികൾ നടക്കുന്നതായി അറിവു കിട്ടിയാൽ ഉടൻതന്നെ അന്വേഷണം നടത്തി അവയെ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. പ്രത്യേക പദ്ധതികളൊന്നും ഇക്കാര്യത്തിൽ ഗവണ്മെന്റു് സ്വീകരിച്ചിട്ടില്ല ;

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly